## അറിയാതെ കള്ളനോട്ട് കൈവശം വച്ചയാളെ ശിക്ഷിക്കാനാവില്ല

### കേരള ഹൈക്കോടതി

Crl. A. No. 1119/2005 Dt. 6.7.2020

അന്ത്രു എന്ന അബ്ദുറഹിമാൻ

x

സ്റ്റേറ്റ് ഓഫ് കേരള

പ്രതിയുടെ തൊഴിൽ പ്രധാനമായും കവുങ്ങ് കയറ്റമാണ്. അയാളുടെ കീഴിൽ കുറെ പേർ ഈ ജോലി ചെയ്യുന്നുണ്ട്. ഒരിക്കൽ അയാളോടൊപ്പം ജോലി ചെയ്തയാൾക്ക് കവുങ്ങ് കയറ്റത്തിനിടെ അപകടത്തിൽ പരിക്കേറ്റപ്പോൾ പ്രതി അയാൾക്ക് സഹായമായി നൂറ് രൂപയുടെ രണ്ട് നോട്ടുകളും അമ്പത് രൂപയുടെ ഒരു നോട്ടും നല്കി. പ്രതി ഇപ്രകാരം ചെയ്തത് മദ്ധ്യസ്ഥന്റെ നിർദ്ദേശ പ്രകാരമാണ്. കാരണം, അയാളുടെ തൊഴിലാളിക്ക് നഷ്ടപരിഹാരമോ ധനസഹായമോ നല്കാൻ അയാൾക്ക് മനസ്സുണ്ടായിരുന്നില്ല. ഇരുനൂറ്റിയമ്പത് രൂപ ലഭിച്ച തൊഴിലാളി അതിലെ അമ്പത് രൂപയുടെ നോട്ട് ചായക്കടയിൽ കൊടുത്ത് ചായ കുടിച്ചു. പിന്നീട് അയാൾ നൂറ് രൂപയുടെ ഒരു നോട്ട് പെട്ടിക്കടയിൽ കൊടുത്തു. നോട്ടിനെപ്പറ്റി സംശയമുണ്ടെന്ന് പെട്ടിക്കടക്കാരൻ പറഞ്ഞപ്പോൾ തൊഴിലാളി മറ്റേ നോട്ടും അയാൾക്ക് നല്കി. രണ്ടും സംശയകരമാണെന്ന് കണ്ട പെട്ടിക്കടക്കാരൻ മെഡിക്കൽ സ്റ്റോർ നടത്തുന്ന തന്റെ സഹോദരന് ആ നോട്ടുകൾ കാണിച്ചുകൊടുത്തു. അവ കള്ളനോട്ടാണെന്ന് സംശയമുണ്ടെന്ന് സഹോദരനും പറഞ്ഞപ്പോൾ അക്കാര്യം പെട്ടിക്കടക്കാരൻ നോട്ട് കൊണ്ടുവന്ന തൊഴിലാളിയെ അറിയിച്ചു. അയാൾ അക്കാര്യം മദ്ധ്യസ്ഥനെ അറിയിക്കുകയും ഇരുവരും ചേർന്ന് പേരാമ്പ്ര പോലീസ് സ്റ്റേഷനിൽ ചെന്ന് സബ് -ഇൻസ്പെക്ടറെ വിവരമറിയിച്ചു. നോട്ടുകൾ പിടിച്ചെടുത്ത സബ്-ഇൻസ്പെക്ടർ പ്രതിക്കെതിരെ കേസെടുത്തു. പ്രതിക്കെതിരെയുള്ള കേസ് വിചാരണ ചെയ്ത സെഷൻസ് കോടതി പ്രതി കുറ്റക്കാരനാണെന്ന് പ്രഖ്യാപിക്കുകയും അയാളെ അഞ്ച് വർഷത്തെ കഠിനത്തടവിന് ശിക്ഷിക്കുകയും ചെയ്തു. ഇതിനെതിരെ പ്രതി ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. കള്ളനോട്ടാണെന്ന് അറിയാതെയാണ് അത് കൈവശം വച്ചതെന്നും അറിഞ്ഞുകൊണ്ട് അത്തരം നോട്ട് കൈവശം വച്ചുവെന്നതിന് പ്രോസിക്യൂഷൻ യാതൊരു തെളിവും ഹാജരാക്കിയിട്ടില്ലെന്നും പ്രതി വാദിച്ചു. പെട്ടിക്കടക്കാരനും മെഡിക്കൽ സ്റ്റോർ ഉടമയും ഒറ്റ നോട്ടത്തിൽ കള്ളനോട്ട് തിരിച്ചറിഞ്ഞിട്ടുണ്ടെന്നും പ്രതിക്ക് അത് മനസ്സിലാക്കാൻ കഴിഞ്ഞില്ലെന്ന് അനുമാനിക്കാനാവില്ലെന്നും പ്രോസിക്യൂഷൻ വാദിച്ചു. പ്രതി അറിഞ്ഞുകൊണ്ടാണ് കള്ളനോട്ട് കൈവശം വച്ചത് എന്ന് തെളിയിക്കാൻ പ്രോസിക്യൂഷന് സാധിച്ചിട്ടില്ലെന്ന് വിലയിരുത്തിയ ഹൈക്കോടതി അറിയാതെ കള്ളനോട്ട് കൈവശം വച്ചതിന് പ്രതിയെ ശിക്ഷിക്കാനാവില്ലെന്ന് വിധിക്കുകയും സെഷൻസ് കോടതിയുടെ വിധി റദ്ദാക്കുകയും പ്രതിയുടെ അപ്പീൽ അനുവദിക്കുകയും പ്രതിയെ കുറ്റവിമുക്തനാക്കുകയും ചെയ്തു.